## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3861 — 31.01.2014-ൽ മറുപടിക്ക്

### പഴയകുന്നുമ്മേൽ സർവ്വീസ് സഹകരണബാങ്കിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) പഴയകുന്നുമ്മേൽ സർവ്വീസ് സഹകരണബാങ്കിൽനിന്നും വായ്പകൾ നൽകുന്നതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ, ഇതിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ; | (ബി) പ്രസ്തുത പരാതിയിൽ മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചിറയിൻകീഴ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അന്വേഷണം നടത്തുകയും, നിലവിൽ പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടുവരികയുമാണ്. |
| (സി) എത്ര രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളതെന്നും, അന്വേഷണം നടത്തുന്ന ഏജൻസി ഏതെന്നും, എന്നാണ് പരാതി ലഭിച്ചതെന്നും വ്യക്തമാക്കുമോ ? | (സി) ശ്രീ. മുരളീധരൻ 25.05.2012 ൽ വസ്തുജാമ്യത്തിന്മേൽ 20 ലക്ഷം രൂപ വായ്പ എടുത്തിട്ടുള്ളതും ടി തുക തിരിച്ചടച്ച് വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതുമാണ്. പരാതി 01.11.2013 ലാണ് ലഭിച്ചിട്ടുള്ളത്. വസ്തുജാമ്യത്തിന്മേലുണ്ടായ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചിറയിൻകീഴ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ